പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

## <u>അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി</u>

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4146

21.07.2015 ൽ മറുപടിക്ക്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ആർ. രാജേഷ് | | | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി) |
| (എ) | അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി പ്രകാരം മാവേലിക്കര നഗരസഭയിൽ എത്ര കുടുംബങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | മാവേലിക്കര നഗരസഭയിൽ അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതി പ്രകാരം 1058 കുടുംബങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) | രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) | പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്തവരിൽ 13 പുരുഷൻമാരും 599 സ്ത്രീകളും ആണ്. ഇതിൽ എസ്.സി./എസ്.റ്റി. വിഭാഗത്തിലുള്ള 285 പേരും ജനറൽ വിഭാഗത്തിൽ 202 പേരും മറ്റു വിഭാഗത്തിൽപ്പെടുന്ന 125 പേരും ഉൾപ്പെടുന്നു. |
| (സി) | ഇതിൽ എത്ര കുടുംബങ്ങൾക്ക് കഴിഞ്ഞ സാമ്പത്തിക വർഷം തൊഴിൽ നൽകിയെന്ന് വ്യക്തമാക്കുമോ; | (സി) | കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ മാവേലിക്കര നഗരസഭയിൽ 511 കുടുംബങ്ങൾക്ക് തൊഴിൽ നൽകിയിട്ടുണ്ട്. |
| (ഡി) | അയ്യങ്കാളി തൊഴിലുറപ്പുപദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (ഡി) | നടപടി സ്വീകരിച്ചുവരുന്നു. പദ്ധതിയുടെ നടത്തിപ്പ് മേഖലാ ജോയിന്റ് ഡയറക്ടർമാർ മുഖേന എല്ലാ മാസവും വിലയിരുത്തുന്നുണ്ട്. സംസ്ഥാനതലത്തിലും വിലയിരുത്താറുണ്ട്. |
| (ഇ) | 20112-13, 2013-14, 2014-15 വർഷങ്ങളിൽ പ്രസ്തുത പദ്ധതിമുഖേന നൽകിയ തൊഴിലിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ഇ) | പദ്ധതി പ്രകാരം 2012-13 ൽ 3285 തൊഴിൽ ദിനങ്ങളും 2013-14 വർഷത്തിൽ 4020 തൊഴിൽ ദിനങ്ങളും 2014-15 വർഷത്തിൽ 1667 തൊഴിൽ ദിനങ്ങളും സൃഷ്ടിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ